കേരളസർക്കാർ

സാമൂഹ്യനീതി വകുപ്പ്

ജില്ലാ സാമൂഹ്യനീതി ഓഫീസ്,

ആലപ്പുഴ

സെന്റ് മൈക്കിൾസ് കോളേജ്, ചേർത്തല

ലോ ആൻഡ് ജസ്റ്റിസ് റിസർച്ച് ഫൗണ്ടേഷൻ

# സാമൂഹ്യനീതി സെൽ

**(Constitution Literacy & Community Service Program)**

**ഉദ്ഘാടനവും സെമിനാറും**

| ഏപ്രിൽ 24 തിങ്കളാഴ്ച | രാവിലെ 10 മണിക്ക് |
|---|---|

സെന്റ് മൈക്കിൾസ് കോളേജ്,
ചേർത്തല



ഉദ്ഘാടനം: **ശ്രീ. പി. പ്രസാദ്**

(ബഹു. കൃഷി വകുപ്പുമന്ത്രി,
എം. എൽ. എ, ചേർത്തല)



അധ്യക്ഷ : **ശ്രീമതി. ഹരിത. വി. കുമാർ**

(ബഹു. ജില്ലാ കളക്ടർ, ആലപ്പുഴ)



മാന്യരേ,

വിവിധ ഭരണ സംവിധാനങ്ങൾക്ക് കീഴിൽ ചിതറിക്കിടന്ന ജനവിഭാഗങ്ങളെ ഒരു ഭരണ സംവിധാനത്തിനുള്ളിൽ  ഒറ്റ രാജ്യമായി രൂപപ്പെടുത്തിയത് നമ്മുടെ ഭരണഘടനയാണ്. 1950 ജനുവരി 26 ന് ഭരണഘടന നിലവിൽ വന്നതോടു കൂടി പ്രജകളായി മാത്രം കഴിഞ്ഞിരുന്ന ഇന്ത്യൻ ജനത അവകാശങ്ങളുള്ള പൗരൻ എന്ന ഉയർന്ന പദവിയിൽ അഭിമാനത്തോടുകൂടി ജീവിക്കുവാൻ തുടങ്ങി. ലോകത്തിലെ ഏറ്റവും ബൃഹത്തായതും നിരവധി സവിശേഷതകൾ ഉള്ളതുമാണ് ഇന്ത്യൻ ഭരണഘടന. അത് ഭരണനിർവഹണത്തിനുള്ള മാർഗരേഖ എന്നതിലുപരി ഓരോ വ്യക്തിയും സാമൂഹ്യ ജീവിതത്തിൽ പുലർത്തേണ്ടുന്ന മൂല്യങ്ങളെ സംബന്ധിക്കുന്ന സാമൂഹ്യ രേഖ കൂടിയാണ്. നീതിയും സമത്വബോധവുമുള്ള ഒരു സമൂഹം രൂപപ്പെടുന്നതിന് ഭരണഘടന മൂല്യങ്ങളുടെ സാമൂഹ്യ വ്യാപനം സാധ്യമാകേണ്ടതുണ്ട്. അതിന് വിദ്യാർത്ഥികളുടേയും യുവാക്കളുടേയും  പങ്കാളിത്തത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ സഹായകരമാകും. ഈ  ലക്ഷ്യം മുൻനിർത്തിയാണ് ആലപ്പുഴ ജില്ലാ സാമൂഹ്യനീതി ഓഫീസിന്റെ ആഭിമുഖ്യത്തിൽ ചേർത്തല സെന്റ് മൈക്കിൾസ് കോളേജിന്റെയും ലോ ആൻഡ് ജസ്റ്റിസ് റിസർച്ച് ഫൗണ്ടേഷന്റെയും സഹകരണത്തോടുകൂടി "സാമൂഹ്യനീതി" സെൽ സെൻറ് മൈക്കിൾസ് കോളേജിൽ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് . ബഹു. ആലപ്പുഴ ജില്ലാ കളക്ടർ ശ്രീമതി ഹരിത.വി.കുമാർ ഐ.എ.എസിന്റെ അധ്യക്ഷതയിൽ 24/4/2023 തിങ്കളാഴ്ച രാവിലെ 10 മണിക്ക് ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽ വെച്ച് നടത്തപ്പെടുന്ന യോഗത്തിൽ ബഹുമാനപ്പെട്ട കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് അവർകൾ  സാമൂഹ്യനീതി സെല്ലിന്റെ ഉദ്ഘാടനം നിർവഹിക്കുകയാണ്. പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്നതിനായി താങ്കളെ ആദരപൂർവ്വം ക്ഷണിക്കുന്നു.

ശ്രീമതി. സിന്ധു .എസ് . നായർ
(പ്രിൻസിപ്പൽ,
സെന്റ് മൈക്കിൾസ് കോളജ്,
ചേർത്തല)

ശ്രീ. അബീൻ. എ.ഒ
(ജില്ലാ സാമൂഹ്യനീതി ഓഫീസർ,
ആലപ്പുഴ)

# കാര്യപരിപാടികൾ

രാവിലെ 10 മണിക്ക്

സെമിനാർ: **"ഭരണഘടനയും സാമൂഹ്യനീതിയും"**

വിഷയാവതരണം : **ശ്രീ. എം. ആർ. സഫി മോഹൻ**
(അസിസ്റ്റൻറ് പ്രൊഫസർ,
ഗവ. ലോ കോളേജ്, തിരുവനന്തപുരം)

രാവിലെ 11 മണിക്ക്

## ഉദ്ഘാടനയോഗം

സ്വാഗതം : **ശ്രീമതി. സിന്ധു .എസ് .നായർ**
(പ്രിൻസിപ്പൽ, സെൻറ്റ് മൈക്കിൾസ് കോളജ്, ചേർത്തല)

അധ്യക്ഷ : **ശ്രീമതി. ഹരിത. വി. കുമാർ**
(ബഹു. ജില്ലാ കളക്ടർ, ആലപ്പുഴ)

പദ്ധതി വിശദീകരണം : **ശ്രീ. അബീൻ. ഏ. ഒ**
(ജില്ലാ സാമൂഹ്യനീതി ഓഫീസർ, ആലപ്പുഴ)

ഉദ്ഘാടനം : **ശ്രീ. പി. പ്രസാദ്**
(ബഹു. കൃഷി വകുപ്പുമന്ത്രി, എം. എൽ. എ, ചേർത്തല)

ആശംസകൾ : **ശ്രീ. റവ. ഫാ. നെൽസൺ തൈപ്പറമ്പിൽ**
(മാനേജർ, സെൻറ്റ് മൈക്കിൾസ് കോളേജ്, ചേർത്തല)

**ശ്രീമതി. സിനിമോൾ. വി. എസ്സ്**
(പഞ്ചായത്ത് പ്രസിഡൻറ്റ്, ചേർത്തല സൗത്ത്)

**ശ്രീ. ലഫ്റ്റനൻറ്റ് എബിൻ ആൽബർട്ട്. റ്റി**
(എൻ. സി. സി ഓഫീസർ,
സെൻറ്റ് മൈക്കിൾസ് കോളജ്, ചേർത്തല)

**ശ്രീമതി. ഡോ. സീന കുര്യൻ**
(അസിസ്റ്റൻറ് പ്രൊഫസർ,
സെൻറ്റ് മൈക്കിൾസ് കോളജ്, ചേർത്തല)

കൃതജ്ഞത : **ശ്രീ. വിഷ്ണു വിനോദ്** ( കോർഡിനേറ്റർ,
സാമൂഹ്യനീതി സെൽ, ആലപ്പുഴ)

# ഇന്ത്യൻ ഭരണഘടന

## ആമുഖം

**നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ,**
ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ,
മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി
സംവിധാനം ചെയ്യുന്നതിനും ഭാരതത്തിലെ
എല്ലാ പൗരർക്കും സാമൂഹികവും സാമ്പത്തികവും
രാഷ്ട്രീയവുമായ **നീതി**, ചിന്ത, ആശയാവിഷ്കാരം,
വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള
**സ്വാതന്ത്ര്യം**, സ്ഥാനമാനങ്ങൾ, അവസരങ്ങൾ
എന്നിവയിലുള്ള **സമത്വം** എന്നിവ
ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും
രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും
ഉറപ്പുവരുത്തുന്ന **സാഹോദര്യം** എല്ലാവരിലും
വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട്
**നമ്മുടെ ഭരണഘടനാസഭയിൽവെച്ച്,**
1949 നവംബറിന്റെ ഈ ഇരുപത്തിയാറാം ദിവസം
**ഈ ഭരണഘടനയെ അംഗീകരിക്കുകയും
നിയമമാക്കുകയും നമുക്കായിത്തന്നെ
സമർപ്പിക്കുകയും ചെയ്യുന്നു.**